പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1185 06.02.2020-ൽ മറുപടിയ്ക്ക്

# പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെയും റോഡിന്റെ ഇരുഭാഗങ്ങളിലെയും കയ്യേറ്റങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെയും റോഡിന്റെ ഇരുഭാഗങ്ങളിലെയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഒഴിഞ്ഞു പോകുവാൻ രേഖാമൂലം ആവശ്യപ്പെടുകയും പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സെക്ഷൻ 4 പ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (ബി) | റോഡിന്റെ ഇരുപുറങ്ങളിലുമുള്ള സ്ഥലം കയ്യേറി കച്ചവടസ്ഥാപനങ്ങൾ നടത്തുകയോ മതിൽ കെട്ടിമറയ്ക്കുകയോ ചെയ്തവർ സ്വയം ഒഴിഞ്ഞുപോകുന്നതിന് അതത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് ഓഫീസിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നോട്ടീസ് നൽകാറുണ്ടോ; | (ബി) | കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഒഴിഞ്ഞുപോകുന്നതിന് നോട്ടീസ് നൽകാറുണ്ട്. |
| (സി) | പൊതുമരാമത്ത് റോഡുകളുടെയും പാലങ്ങളുടെയും മറ്റും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതിനും കേസെടുക്കുന്നതിനും നടപടി സ്വീകരിക്കാമോ; | (സി) | കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഈ ആവശ്യത്തിന് പ്രത്യേക സംഘത്തെ നിയോഗിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡ1) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ വാഹന പാർക്കിങ്ങിന് ഏതെല്ലാം കോർപ്പറേഷനുകൾ, നഗരസഭകൾ, പഞ്ചായത്തുകൾ പാർക്കിങ്ങ് ഫീസ് ഈടാക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്താമോ; | (ഡ1) & (ഇ) | തിരുവനന്തപുരം, പട്ടം, ശാസ്തമംഗലം ഏരിയയിൽ റോഡുകളിലെ പാർക്കിംഗിനായി നിലവിൽ കെ.ആർ.എഫ്.ബി. യുടെ അധീനതയിലുള്ള റോഡുകളിൽ തിരുവനന്തപുരം കോർപ്പറേഷൻ ഫീസ് പിരിവ് നടത്തുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ അയ്യൻകാളി ഹാൾ റോഡിലും അട്ടക്കുളങ്ങര കിള്ളിപാലം ബൈപാസ് റോഡിലും കോർപ്പറേഷൻ പാർക്കിംഗ് ഫീസ് പിരിക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ ബ്രോഡ് വേ റോഡിൽ കൊച്ചി കോർപ്പറേഷനും, തൃശ്ശൂർ ജില്ലയിൽ ബിഷപ്പ് പാലസ് റോഡിൽ തൃശ്ശൂർ കോർപ്പറേഷനും പാർക്കിംഗ് ഫീസ് ഈടാക്കുന്നുണ്ട്.<br>പൊതുമരാമത്ത് വകുപ്പ് ദേശീയപാത 66 ലെ കി.മീ. 561/400 മുതൽ 566/000 വരെയുള്ള ഭാഗത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയ പാതാ വിഭാഗത്തിന്റെ അനുമതിയില്ലാതെ തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന രസീത് ബുക്കുപയോഗിച്ച് ട്രാഫിക് വാർഡൻമാർ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് നിർത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും കോർപ്പറേഷൻ ഇത് നിർത്തലാക്കിയില്ല. ആയതിന്റെ കാരണം KM Act 1994 ലെ 472 ാം വകുപ്പ് പ്രകാരം ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനമാണെന്നും കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.<br>പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിലുള്ളതും ക്യാരേജ് വേ ആയി മാർക്ക് ചെയ്തിരിക്കുന്നതുമായ ഭാഗത്ത് ദേശീയപാത വിഭാഗത്തിന്റെ അനുമതിയില്ലാതെ പാർക്കിംഗ് സ്ഥലമാക്കി മാറ്റി അനധികൃതമായി ഫീസ് പിരിക്കുകയാണ് ചെയ്യുന്നത്. ഇത് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റിന് വിരുദ്ധമാണെന്നും ആയതിനാൽ ഉടൻ തന്നെ നിർത്തലാക്കണമെന്നും |

| | | | |
|---|---|---|---|
| (ഇ) | ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | | കാണിച്ച് കോർപ്പറേഷന് പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗം കത്ത് നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി കോളേജ് മുതൽ സ്റ്റാച്യൂ വരെയുള്ള പിരിവ് നിറുത്തലാക്കി. പൊതുമരാമത്ത് റോഡിൽ പാർക്കിംഗ് ഫീസ് ഈടാക്കാൻ കോർപ്പറേഷന് അധികാരമില്ല. |
| (എഫ്) | പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ നടത്തുന്ന അശാസ്ത്രീയ പാർക്കിങ്ങ് മൂലം അപകടങ്ങൾ ഉണ്ടാകുന്നു എന്നതിനാൽ ആയത് നിയന്ത്രിക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (എഫ്) | ഈ വിഷയത്തിൽ മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പുമാണ് നടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ